അറിഞ്ഞോ, അറിയാതെയോ കുറ്റകൃത്യങ്ങൾ ചെയ്തതിനെ തുടർന്ന് മാറ്റി നിർത്തപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന പോലീസിന്റെ നവജീവനം പരിപാടിക്ക് മൂവാറ്റുപുഴയിൽ തുടക്കമായി. മുവാറ്റുപുഴ നിർമ്മല ഹയർ സെക്കൻററി സ്കൂളിൽ നടന്ന ചടങ്ങ് എറണാകുളം റേഞ്ച് ഡി.ഐ.ജി നീരജ് കുമാർ ഗുപ്ത ഉദ്ഘാടനം ചെയ്തു. വിവിധ ക്ലാസുകളിലൂടെയും, സെമിനാറുകളിലുടെയും ബോധവൽക്കരണം നടത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് നവജീവനം എന്നപേരിൽ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

.